പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത<br>ചോദ്യം നമ്പർ 1903 | 16.02.2016-ൽ<br>മറുപടി നൽകേണ്ടത് |

## ഐ.ജി. ടി.ജെ ജോസിനെതിരെയുള്ള അന്വേഷണം

| ചോദ്യം<br>ശ്രീമതി. കെ.കെ. ലതിക | മറുപടി<br>രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.ജി. റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥനായ ടി.ജെ ജോസിനെതിരെ എന്തെങ്കിലും അന്വേഷണം വകുപ്പുതലത്തിൽ നടത്തുകയുണ്ടായോ എന്ന് വ്യക്തമാക്കുമോ;<br>ബി) ഏതെല്ലാം വിഷയങ്ങളിലാണ് പ്രസ്തുത അന്വേഷണം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;<br>സി) ഓരോ അന്വേഷണത്തിലും എന്തെങ്കിലും കുറ്റങ്ങൾ പ്രസ്തുത വ്യക്തിയുടെ പേരിൽ കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;<br>ഡി) ടിയാന്റെ പേരിൽ വകുപ്പുതലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ? | (എ),(ബി),(സി)&(ഡി) എം.ജി. സർവ്വകലാശാലയുടെ എൽ.എൽ.എം. പരീക്ഷയിൽ തൃശ്ശൂർ റേഞ്ച് ഐ.ജി. ആയിരുന്ന ശ്രീ. റ്റി.ജെ.ജോസ് ഐ.പി.എസ്. കോപ്പിയടിച്ചതുമായി ബന്ധപ്പെട്ട് എം.ജി. സർവ്വകലാശാല സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി ഓൺ സ്റ്റുഡന്റ്സ് ഡിസിപ്ലിൻ, വെൽഫെയർ & ഗ്രിവൻസെസ് സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 18.12.2015-ൽ ചേർന്ന യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് തീരുമാനിച്ച പ്രകാരം 06.01.2016-ലെ ഉത്തരവ് പ്രകാരം, ശ്രീ. റ്റി.ജെ. ജോസ് ഐ.പി.എസ് ഏപ്രിൽ/മേയ് 2015-ൽ എഴുതിയ എല്ലാ പരീക്ഷകളും (LLM) ടിയാനെ സംബന്ധിച്ചിടത്തോളം റദ്ദ് ചെയ്യുകയും, മേയ് 2016 വരെ യൂണിവേഴ്സിറ്റി നടത്തുന്ന എല്ലാ പരീക്ഷയിൽ നിന്നും ടിയാനെ വിലക്കുകയും (Debar) ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ക്രൈം ബ്രാഞ്ച് അന്വേഷണത്തിന്റെ അടിസ്ഥാനത്തിലും ശ്രീ. ടി.ജെ. ജോസിനെതിരെ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ